**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **12-12-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 24 ശതമാനത്തിലേറെ പേർ പ്രമേഹ രോഗികളാണെന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെയും ഐ.സി.എം.ആർ.-ന്റെയും പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ഉണ്ട്. ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡയബറ്റിസും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായി നടത്തിയ INDIAB എന്ന പഠനത്തിൽ കേരളത്തിൽ 24% പേർക്ക് പ്രമേഹവും 19% പേർക്ക് പ്രമേഹ രോഗ സാധ്യതയും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ദേശീയ നിലവാരത്തെക്കാൾ വളരെ ഉയർന്ന നിരക്കിലാണ് കേരളത്തിലെ പ്രമേഹരോഗത്തിന്റെ സാന്ദ്രതയെന്നാണ് INDIAB study യിൽ വ്യക്തമാകുന്നത്. കൂടുതൽ സമഗ്രമായ data ഇപ്പോൾ നടക്കുന്ന ജീവിതശൈലി രോഗങ്ങളുടെ സ്ക്രീനിംഗിലൂടെ ലഭ്യമാകുന്നതാണ്.** |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രമേഹ രോഗമുൾപ്പെടെ ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | പ്രമേഹം തുടക്കത്തിലേ കണ്ടെത്തുന്നതിനും പ്രമേഹത്തെ തുടർന്നുണ്ടാകുന്ന സങ്കീർണ്ണരോഗങ്ങൾ നിയന്ത്രിക്കുന്നതിനും വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം എറണാകുളം ജനറൽ ആശുപത്രിയിലെ പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കിയ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആണ്. ഒരു കുടക്കീഴിൽത്തന്നെ പ്രമേഹവും അതിന്റെ സങ്കീർണ രോഗങ്ങളായ നേത്രാന്തര പടല അന്ധത, വൃക്കരോഗങ്ങൾ ഡയബറ്റിക് ഫൂട്ട്, ശ്വാസകോശ പ്രവർത്തന ക്ഷമത എന്നിവ കൂടി പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ക്ലിനിക്കിൽ ഒരുക്കിയിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിലൂടെ** |

**പ്രമേഹം തുടക്കത്തിലെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രമേഹ രോഗത്തിന്റെ സങ്കീർണ്ണതകൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിലും നടപ്പിലാക്കിവരുന്നു.. മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.ററി.സി, ആർ.എച്ച്.റ്റി.സി എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗ ക്ലിനിക്ക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപകേന്ദ്രങ്ങൾ വഴി ബോധവത്കരണം നടത്തുകയും ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിത ശൈലി ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന ഗവൺമെൻറ്/ പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗ നിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്തപരിശോധനയും, ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിത ശൈലി രോഗ ക്ലിനിക്ക് വഴി ചികിത്സിക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ടൈപ്പ് 1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി 'മിഠായി' പദ്ധതി വഴി ചികിത്സ നൽകുന്നു. ആയതിൽ കുഞ്ഞുങ്ങളുടെ രക്തപരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നു. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവ കുഞ്ഞുങ്ങൾക്ക് നൽകുന്നു.**

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഭാഗമായി 30 വയസിനുമുകളിൽ പ്രായമായവരെ പരിശോധിക്കുന്നതിനും രോഗം സ്ഥിരീകരിച്ചാൽ ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യ മരുന്ന് വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ജനസംഖ്യാധിഷ്ഠിതമായി ജീവിതശൈലി രോഗമുള്ളവരെ കണ്ടെത്തുന്നതിന് ആശ പ്രവർത്തകർ മുഖേന ഗൃഹസന്ദർശനം നടത്തി ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു**

| | | | |
|---|---|---|---|
| | | | **ക്യാമ്പയിൻ 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ ഹെൽത്ത് തയാറാക്കിയ 'ശൈലി' എന്ന അപ്ലിക്കേഷനിലൂടെ രോഗമുള്ളവരെയും രോഗം വരാൻ സാധ്യത ഉള്ളവരെയും കണ്ടെത്തി രോഗ സ്ഥിരീകരണത്തിനു ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റെഫർ ചെയുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി 09.12.2022 വരെ സംസ്ഥാനത്ത് 50,59,952 പേരെ സ്ക്രീനിംഗിന് വിധേയമാക്കിയിട്ടുണ്ട്.**<br><br>**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് മാതൃകയിൽ എല്ലാ ജില്ലകളിലും ഡയബറ്റീസ് സെന്ററുകൾ തുടങ്ങുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കേരളത്തെ മൂന്നു സോണുകളാക്കി തിരിച്ച് ഓരോ സോണിലും പ്രമേഹ ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനത്തിനുമുള്ള ട്രെയിനിംഗ് സെൻററുകൾ സ്ഥാപിക്കുകയും അത് എല്ലാ ജില്ലയിലെ ഡയബറ്റീസ് സെൻററുകളുമായി ബന്ധിപ്പിച്ച് എല്ലാ ജില്ലകളിലേയും പ്രമേഹ ചികിത്സയിലും പ്രതിരോധ പ്രവർത്തനങ്ങളിലും സജ്ജരായ ആരോഗ്യ പ്രവർത്തകരെ സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകല്പന ചെയ്യുന്നത് .** |
| (സി) | നിലവിൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ; | (സി) | ജീവിതശൈലിരോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെയും നടപ്പിലാക്കി വരുന്നു 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക,രോഗങ്ങൾ മൂർദ്ധന്യവസ്ഥയിലേയ്ക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും, ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളിലും ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ താഴെ പറയുന്ന പരിപാടികളും ജീവിതശൈലി രോഗം നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കുന്നുണ്ട്.<br><br>പ്രമേഹം, രക്താതിസമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി ദേശീയസംസ്ഥാന വിദഗ്ധരുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ചികിത്സാ പ്രോട്ടാകോൾ തയ്യാറാക്കി.<br><br>പ്രോട്ടോക്കോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ PHC തലം വരെ സൗജന്യമായി നൽകി വരുന്നു.<br><br>ജില്ലാ ആശുപത്രികളിൽ ഡയബറ്റിക് റെറ്റിനോപ്പതി (നേത്രപടലാന്ധത), ഡയബറ്റിക് ഫൂട്ട് തുടങ്ങിയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>ഗുരുതര ശ്വാസകോശ രോഗമായ COPD (Chronic Obstractive Pulmnonary Diseases) നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ഇന്ത്യയിൽ ആദ്യമായി COPD ക്ലിനിക്കുകൾ 'ശ്വാസ്" എന്ന പേരിൽ ജില്ലാ ആശുപത്രികളിലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചു. ഇതിനായുള്ള വിലയേറിയ ഉപകരണങ്ങളും ചികിത്സാ വിധികളും (മരുന്നുകൾ, ഇൻഹേലർ, സ്പേസർ, മുതലായവ) പദ്ധതിയിലൂടെ സംഭരിക്കുകയും ജനങ്ങൾക്ക് സൗജന്യ സേവനങ്ങൾ നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പക്ഷാഘാതം വന്നവർക്ക് പുനരധിവാസ ചികിത്സ നൽകുന്നതിനും, പുതിയ പക്ഷാഘാത ചികിത്സാ പദ്ധതി തെരഞ്ഞെടുത്ത ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയുണ്ടായി. സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം നൽകി വരുന്ന സ്ട്രോക്ക് ത്രോംബോ ലൈസസ് ചികിത്സ സൗജന്യമായി ഈ ആശുപത്രികളിലൂടെ നൽകിവരുന്നു. 159 ലേറെ രോഗികൾക്ക് ഈ ചികിത്സ സൗജന്യമായി നൽകിയിട്ടുണ്ട്.<br><br>വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കായി സഞ്ചരിക്കുന്ന ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകളായ Care on wheels, Care on Waves ആരംഭിക്കുകയുണ്ടായി.<br><br>ജീവിതശൈലി രോഗങ്ങളുടെ പ്രധാന കാരണമായ പുകവലി നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. COTPA Act ശാക്തീകരണം, ഗുഡ്ക്ക , E- Cigarette, നിരോധനം, പുകയില പരസ്യരഹിതസംസ്ഥാനമെന്ന ബഹുമതി എന്നിവ ഇതിന്റെ നേട്ടമാണ്. |
| (ഡി) | പ്രസ്തുത രോഗങ്ങൾക്കുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിൽ നൽകി വരുന്നത് നിലവിലെ | (ഡി) | ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ വിദഗ്ദ്ധർ തയാറാക്കിയ ഒരു പ്രോട്ടോകോളിന്റെ |

| | | | |
|---|---|---|---|
| | ആവശ്യങ്ങൾക്കനുസരിച്ച് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | | അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ൽ നിന്നും സംഭരിക്കുന്നത്. സംസ്ഥാനതലത്തിൽ ദേശീയ ആരോഗ്യ ദൗത്യം (NHM) തുടങ്ങിയ ഫണ്ട് സ്രോതസുകളിലൂടേയും ജില്ലാ തലത്തിൽ വാർഷിക ഇൻഡെന്റ് മുഖേനയും ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടിലൂടെയും സംഭരിക്കാറുണ്ട്. എല്ലാ മരുന്നുകളും പ്രാഥമിക ആരോഗ്യതലം വരെ സൗജന്യമായി നൽകി വരുന്നു. ജീവിതശൈലി രോഗങ്ങൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ മരുന്ന് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ